# സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം

## 'ജല ജാഗ്രത – 2021'

ജലസുരക്ഷാ ബോധവൽക്കരണ ക്യാംപയിൻ

**ലോക മുങ്ങിമരണ ലഘൂകരണ ദിനമായ 25 ജൂലൈ 2021 ന കേരളത്തിലെ മുഴുവൻ റേഡിയോ നിലയങ്ങൾ വഴി നടത്തിയ പരിപാടിയുടെ റിപ്പോർട്ട്**

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്തത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ജലാസുരക്ഷ ബോധവൽക്കരണ പരിപാടിയുടെ തുടക്കം ലോക മുങ്ങിമരണ ലഘൂകരണ ദിനമായ 25 ജൂലൈ 2021 ആരംഭിച്ചു. ആകാശവാണിയുടെ എല്ലാ നിലയങ്ങൾ വഴിയും പ്രമുഖ എഫ്എം നിലയങ്ങൾ വഴിയും കമ്യൂണിറ്റി റേഡിയോ വഴിയും ജല സുരക്ഷാ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്തുകൊണ്ട് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത്.

കേരളത്തിൽ മുങ്ങി മരണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് അടുത്ത ഒരു വർഷം കൊണ്ട് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് മുങ്ങിമരണങ്ങൾ പരമാവധി കുറക്കുക എന്നുള്ളതാണ് **'ജല ജാഗ്രത – 2021'** എന്ന പേരിൽ നടപ്പിലാക്കുന്ന ഈ ബോധവൽക്കരണ കാംപയിൻ' ലക്ഷ്യമിടുന്നത്.

ആകാശവാണി നിലയങ്ങളിൽ 'ഡേ ബ്രാൻറിങ്' രീതിയിൽ ആയിരുന്നു പരിപാടികൾ സംപ്രേക്ഷണം ചെയ്തത്. ഓരോ ഇടവേളകളിൽ ജല സുരക്ഷയെ കുറിച്ചും, മുങ്ങി മരണങ്ങളെകുറിച്ചും, ജലാശയങ്ങളിൽ ഇറങ്ങുംപോള് ശ്രദ്ധികേണ്ട കാര്യങ്ങളെകുറിച്ചും, കുട്ടികളും മാതാപിതാക്കൻമ്മരും ശ്രദ്ധികേണ്ട കാര്യങ്ങൾ തുടങ്ങിയ സന്ദേശങ്ങൾ ക്രീയാത്മകമായ അവതരണത്തിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ടു.

കൂടാതെ ജുയാലൈ 25 ആകാശവാണി തിരുവനന്തപുരം നിലയം സംപ്രേക്ഷണം ചെയ്ത യുവവാണി എന്ന റേഡിയോ പ്രോഗ്രാമിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റ് ശ്രീ. സത്യകുമാർ സി ജെ യുടെ പ്രഭാഷണം സംപ്രേക്ഷണം ചെയ്യപ്പെടുകയും അതുപോലെ തന്നെ 2021 ആഗസ്റ്റ് 4 ന പ്രഭാതഭേരി റേഡിയോ പരിപാടിയിൽ കേരളത്തിലെ ജലാശയ അപകടങ്ങളെ ആസ്പദമാക്കി നടത്തിയ പരിപാടിയിൽ ദുരന്ത നിവാരണ കമ്മീഷ്ണ്ണർ ഡോ. എ കൌശികൻ ഐ എ എസ്, ഡോ. മുരളി തുമ്മാരക്കുടി (ചീഫ്, ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാം, യു. എൻ. ഇ. പി.), ശ്രീ. എച്ച്. ദിനേശൻ ഐ എ എസ്, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, ശ്രീ. രാമകുമാർ, ജില്ലാ ഫയർ ആൻഡ് റസ്ക്യൂസ് ഓഫീസർ, കോട്ടയം എന്നിവരുടെ പ്രഭാഷണങ്ങൾ സംപ്രേക്ഷണം ചെയ്യപ്പെട്ടു. പ്രസ്തുത പരിപാടികൾ ആകാശവാണിയുടെ സ്വന്തം നിലയിൽ നടത്തിയതായിരുന്നു എങ്കിലും ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച **'ഡേ ബ്രാൻറിങ്'** പരിപാടിക്ക് ഇത് ആക്കം കൂട്ടി. പൊതുജനങ്ങളിൽ നിന്നുമുള്ള നല്ല പ്രതികരണങ്ങൾ **'എഴുത്ത് പെട്ടി'** എന്ന പരിപാടിയിലൂടെ ആകാശവാണിക്കു ലഭിച്ചിരുന്നു എന്ന് നിലയം അധികൃതർ അറിയിക്കുകയുണ്ടായി.

കേരളത്തിലെ പ്രമുഖ എഫ് എം ചാനലുകളായ ക്ലബ് എഫ് എം, റെഡ് എഫ് എം, ബിഗ് എഫ് എം, റേഡിയോ മാംഗോ, റേഡിയോ മിർച്ചി മുതലായ റേഡിയോ ചാനൽ വഴിയും കമ്യൂണിറ്റി റേഡിയോ നിലയങ്ങളായ റേഡിയോ മാറ്റൊലി, ജൻവാണി, റേഡിയോ ഗ്ലോബൽ, റേഡിയോ മക്ഫാസ്റ്റ്, റേഡിയോ ബെൻസിഗർ എന്നീ റേഡിയോ നിലയങ്ങൾ വഴിയും ക്രിയാത്മക സന്ദേശങ്ങൾ പരസ്യ രൂപേണ സംപ്രേക്ഷണം ചെയ്യപ്പെടുകയുണ്ടായി. തീർച്ച ആയിട്ടും കേരളത്തിൽ ആകമാനം ജലാസുരക്ഷ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ പ്രസ്തുത പരിപാടികൾകോണ്ട് സാധിച്ചിട്ടുണ്ട്.

25 ജൂലൈ 2021, ലോക മുങ്ങി മരണ ലഘൂകരണ ദിനത്തോട് അനുബന്ധിച്ച് ബിഗ് എഫ്എം നിലയത്തിന്റെ പ്രത്യേക തൽപര്യപ്രകാരം ജല സുരക്ഷയേയും മുങ്ങിമരണ ലഘൂകരണത്തേയും ആസ്പദമാക്കി പ്രത്യേക പരിപാടി സംപ്രേക്ഷണം ചെയ്യപ്പെട്ടു. പ്രസ്തുത നിലയത്തിൻറെ സ്വന്തം നിലയിൽ നടത്തിയ ഈ പരിപാടിയിൽ കേരള ഫയർ അൻറ് റസ്ക്യു മേധാവി ഡോ. ബി സന്ധ്യ ഐ പി എസ് അതുപോലെ തന്നെ റീജ്യണൽ ഫയർ ഓഫീസർ ശ്രീ. സിദ്ധകുമാർ എന്നിവരുടെ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്തു. വളരെ വിജ്ഞാന പ്രദമായ സന്ദേശങ്ങൾ കേരളത്തിൻറെ മുക്കിലും മൂലയിലും മുഴങ്ങി കേട്ടു. പതി ഇരിക്കുന്ന അപകടങ്ങളെ കുറിച്ച് വീണ്ടു വിചാരം ഇല്ലായ്മയും ഒന്നും സംഭവിക്കില്ല എന്നുള്ള അമിത ആത്മ വിശ്വാസ്വവും ആണ് മുങ്ങി മരണങ്ങളിലോട്ട് നയിക്കുന്നത്. നീന്തൽ അറിയാമെങ്കിൽ കൂടി പഴയ തലമുറയിൽപ്പെട്ടവരുടെ ശാരീരിക പ്രതിരോധ ശേഷി പുതു തലമുറകൾക്ക് കുറവാണ്. കൂടാതെ മനുഷ്യൻ പരിസ്ഥിതിയിൽ ഏൽപ്പിച്ചുകൊണ്ടിരിക്കുന്ന ചൂഷണങ്ങളുടെ ഫലമായി ജലാശയങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനവും ജലത്തിൻറെ ഒഴുക്കും ഗതിയും പ്രവചിക്കാനാവാത്ത വിധം വ്യത്യാസപ്പെട്ടിരിക്കുകയും രൂക്ഷമായ മണ്ണൊലിപ്പ് കാരണം ജലാശയങ്ങളുടെ അടിതട്ടിൽ ചെളികൾ അടിഞ്ഞു കൂടുകയും അമിതമായ മണൽ ഊറ്റ് മൂലം ജലാശയങ്ങളിൽ അപകടകരമ്മയ രീതിയിൽ ആഴം കൂടുകയും ചെയ്തത് ജലാശയങ്ങളിലെ സുരക്ഷിതത്വം കുറക്കുകയുണ്ടായി.

പ്രകൃതിയോടും പ്രകൃതി ശക്തികളോടും അകന്നു മാറി ജീവിക്കുന്ന മനുഷ്യന് പ്രകൃതി നിയമങ്ങൾ അജ്ഞാതമായികൊണ്ടിരിക്കുന്നു. സ്വന്തം സുരക്ഷയെ കുറിച്ച് ഏറ്റവും ലളിതമായതും അടിസ്ഥാനപരമായിട്ടുള്ളതമായ കാര്യങ്ങൾ മുഖവിലക്കെടുക്കാതെയുള്ള പെരുമാറ്റം ആണ് പല അപകടങ്ങളിലോട്ടും നയിക്കുന്നത്. ഇത്തരം വിഷയങ്ങൾ എല്ലാം തന്നെ പ്രഭാഷണങ്ങളിലൂടെയും ക്രിയാത്മക അവതരണത്തിലൂടെയും ജനങ്ങളുടെ കാതുകളിൽ എത്തിക്കുവാൻ കേരളത്തിലെ എല്ലാ റേഡിയോ നിലയങ്ങൾക്ക് സാധിച്ചു.

ജലാസുരക്ഷ ബോധവൽക്കരണ പരിപാടിയുടെ ആദ്യഘട്ടം വളരെ വിജയകരമായി നടപ്പിലാക്കി. ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികൾ ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. തുടർന്നുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.